# INDIAN SCHOOL AL WADI AL KABIR
# MIDTERM EXAMINATION 2026-27
## MALAYALAM (2nd LANGUAGE) SET-2

Class: VIII　　　　　　　　　　　　　　　　　　　　Max. Marks: 80 Hours

Date: 24-09-2026　　　　　　　　　　　　　　　　　Time: 2½ Hours

**General Instructions:**

1. Please check that this question paper contains 5 printed pages and 16 questions.

**1) താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.　　　　(12x ½ = 6)**

a) ' മേഘം വന്നു തൊട്ടപ്പോൾ ' എന്ന കൃതി എഴുതിയത് ആര് ?

( പി. സുഹ്റ , അഷിത , സുഗതകുമാരി )

b) ആനായനാരിമാരുടെ മാനസം ആകുലമാക്കിയത് ആരാണ് ?

( വാസുദേവർ , ശ്രീകൃഷ്ണൻ , യശോദ )

c) പൂജയ്ക്കായി പൂക്കൾ കൊണ്ടുവരാൻ കൃഷ്ണൻ ആരോടാണ് ആവശ്യപ്പെടുന്നത് ?

( അമ്മയോട് , അച്ഛനോട് , സഖിമാരോട് )

d) പ്രാചീനകവിത്രയത്തിൽ ഉൾപ്പെടുന്ന കവി ആര് ?

( പി. കുഞ്ഞിരാമൻനായർ , ചെറുശ്ശേരി , വയലാർ )

e) താഴെ കൊടുത്തിട്ടുള്ളവയിൽ അക്കിത്തത്തിന്റെ കൃതി ഏത് ?

( ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം , അശ്വമേധം , ഉജ്ജയിനി )

f) എന്തിനെയാണ് പൈൻമരങ്ങൾ വാത്സല്യത്തോടെ നോക്കിയിരുന്നത് ?

( മുയലിനെ , ദേവദാരുമരത്തെ , പക്ഷികളെ )

g) ആരാണ് കൊച്ചുദേവദാരുവിന്റെ ചില്ലയിൽ വന്നിരുന്നത് ?

( പ്രാവുകൾ , മാഗ്പൈ പക്ഷി , കുട്ടികൾ )

h) കഥാകാരിയെ ആശുപത്രിയിൽ നിന്ന് പുറത്തേക്കയച്ചത് ആരാണ് ?

( ചെറുപ്പക്കാരൻ , കച്ചവടക്കാരൻ , ആശുപത്രി ജീവനക്കാർ )

i) ‘ ഒരു പിശാചിന്റെ ക്രൗര്യത്തോടെ അവ നിങ്ങളെ അടിമയാക്കും ' എന്തിനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

( പരസ്യങ്ങളെക്കുറിച്ച് , മയക്കുമരുന്നുകളെക്കുറിച്ച് , വീഡിയോ ഗെയിമുകളെക്കുറിച്ച് )

j) കൊച്ചുദേവദാരുമരത്തിന്റെ മുകൾ ഭാഗം എന്തുകൊണ്ടാണ് അലങ്കരിച്ചത് ?

( രസക്കുടുക്കകൾ , വെള്ളിനൂലുകൾ , വലിയ നക്ഷത്രം )

k) ' ശിശിരത്തിൽ ഓക്കുമരം ' എന്ന റഷ്യൻ കഥ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത് ആര് ?

( വിജയലക്ഷ്മി , സി. തങ്കം , ദേവകി നിലയങ്ങോട് )

l) '' എല്ലാ പുതുവർഷവും നമ്മൾക്ക് ഈ മരത്തിനെ അലങ്കരിക്കാം. '' ഇങ്ങനെ പറഞ്ഞതാരാണ് ?

( വനപാലകൻ , വനപാലകന്റെ മകൻ , മരംവെട്ടുകാരൻ )

**2) ശരിയായ അർത്ഥം എടുത്തെഴുതുക.** **(8 x ½ = 4)**

a) ഇച്ഛ ( അനുഗ്രഹം , അനുവാദം , ആഗ്രഹം )

b) ആകുലം ( ദുഃഖം , സുഖം , കിനാവ് )

c) ചൈതന്യം ( പ്രാർത്ഥന , പ്രസരിപ്പ് , പ്രാധാന്യം )

d) പോറ്റുക ( സഹായിക്കുക , സഹിക്കുക , സംരക്ഷിക്കുക )

e) അത്യധികം ( വളരെക്കുറച്ച് , വളരെദൂരം , വളരെയധികം )

f) അനുഗമിക്കുക ( പിന്തുടരുക , പിൻമാറുക , വന്നുചേരുക )

g) തൂമ ( നിലാവ് , ഭയം , ഭംഗി )

h) നിർമ്മലം ( പരിമളം , പരിശ്രമം , പരിശുദ്ധം )

3**) ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക.** **(6x 1 = 6)**

a) ആന ( ഗജം , ഏണം , കരി , അശ്വം )

b) ലീല ( വേണി , കേളി , ക്രീഡ , വാണി )

c) മനസ്സ് ( ഉള്ളം , മാനം , വ്രീള , ചിത്തം )

d) മഞ്ഞ് ( ഹിതം , ഹിമം , തുഷാരം , താപം )

e) കാട് ( വാനം , വിപിനം , വിപഞ്ചിക , അടവി )

f) നഗരം ( പുരം , പട്ടണം , പീതം , പ്രീതി )

**4) ശരിയായ വിപരീതപദം എഴുതുക. (6 x ½ = 3)**

a) തൃപ്തി b) മൃദു c) അടിമ

d) ആരംഭം e) വിഫലം f) ശബ്ദം

**5) ചേർത്തെഴുതുക. (4 x 1 = 4)**

a) എന്നെ + ആരും b) തീർച്ച + ആയും

c) തനിച്ച് + ആണ് d) തേങ്ങി + തേങ്ങി

**6) പിരിച്ചെഴുതുക. (4 x 1 = 4)**

a) മുതുകിലേറി b) നിന്നെപ്പോലെ

c) പ്രായത്തിലുള്ള d) കീറിപ്പറിഞ്ഞ

**7) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക. (6 x ½ = 3)**

a) ദയാശീലൻ / ധയാശീലൻ / ദയ്യാശീലൻ

b) പൈശാച്ചികം / പൈശാചികം / പൈശാചിഗം

c) നേരമ്പോക് / നേരമ്പോക്ക് / നേരാമ്പോക്ക്

d) ഏകാന്തത / ഏകാന്ദത / എകാന്തത്ത

e) ആശ്വസിച്ചു / ആശ്വാസിച്ചു / ആഷ്വസിച്ചു

f) സാമൂഹികവിരുദ്ദർ / സാമൂഹികവിരുന്ധർ / സാമൂഹികവിരുദ്ധർ

**8) വിഗ്രഹിച്ചെഴുതുക. (6 x 1 = 6)**

a) മൃദുസ്വരം b) ബാലലീല c) മഹാനഗരം

d) ചതിക്കുഴി e) കണ്ണീർക്കണം f) സൂര്യവെളിച്ചം

**9) ശരിയായ എതിർലിംഗം എഴുതുക. (4 x 1 = 4)**

a) സുന്ദരൻ b) ബാലിക

c) വീരൻ d) രോഗിണി

**10) നാനാർത്ഥപദങ്ങൾ എഴുതുക. (3 x 1 = 3)**

a) അഴക് b) ഘനം c) സ്നേഹം

**11) അർത്ഥവ്യത്യാസം എടുത്തെഴുതുക. (4 x 1 = 4)**

a) അന്തസ്സ് – അഹസ്സ്

( ആകാശം - അനുകമ്പ / ദീനം - ധനം / അഭിമാനം - ദിവസം )

b) പ്രയോജനം - പ്രചോദനം

( പരാതി - പേടി / ഉപകാരം - പ്രേരണ / പരിഭവം – പരിഹാരം )

c) വർഷം - ഹർഷം

( മഴ - സന്തോഷം / കൊല്ലം - കാലം / വിഷമം - വിഷാദം )

d) ചില്ല - ചില്ലി

( ശിഖരം - ശാന്തി / ശമനം - ഗമനം / ശാഖ - പുരികം )

**12) തെറ്റുണ്ടെങ്കിൽ തിരുത്തുക. (2 x 1 = 2)**

a) 'അരുതേ' എന്നു ഞാൻ ഉച്ചത്തിൽ ഉറക്കെ നിലവിളിച്ചുപോയി.

b) ദേവദാരുമരത്തിന്റെ ചുറ്റും കാട്ടിലെ ജീവിതം ഇടതടവില്ലാതെ അവിരാമം തുടർന്നുകൊണ്ടേയിരുന്നു.

**13) ആശയം വിപുലീകരിച്ചെഴുതുക. (5)**

' സ്നേഹമാണഖിലസാരമൂഴിയിൽ '

**14) നിങ്ങളുടെ വൈദ്യുതിബിൽ അധികമായി വരുന്നതിനെപ്പറ്റി ബന്ധപ്പെട്ട അധികാരികളെ അറിയിച്ചു കൊണ്ട് ഒരു പരാതിക്കത്ത് തയ്യാറാക്കുക. (5)**

**15) ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (8 x 2 = 16)**

a) മറ്റുള്ളവർക്കായി ഒരു കണ്ണീർക്കണം പൊഴിക്കുമ്പോൾ ആത്മാവിന് എന്ത് സംഭവിക്കുന്നു ?

b) ' ബാലലീല ' എന്ന കവിതയിൽ പിതാവും മകനും തമ്മിലുള്ള ബന്ധം എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു ?

c) ഡിസംബർ മുപ്പത്തിയൊന്നിന് കൊച്ചുദേവദാരുവിന് ഉണ്ടായ അനുഭവമെന്ത് ?

d) ' പൗർണമി ' എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?

e) കഥയിലെ ദേവദാരുമരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

f) മകന് വേണ്ടിയുള്ള അമ്മയുടെ പ്രാർത്ഥനയെന്ത് ?

g) ' ബാലലീല ' എന്ന കവിതയിലെ ശ്രീകൃഷ്ണൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവചിത്രീകരണം നടത്തുക.

h) കൃഷ്ണനെ ഓമനപ്പൈതൽ എന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത് ?

i) ' ഹൃദയത്തിലുലാവുന്നു നിത്യനിർമ്മല പൗർണമി ' ഈ വരികളുടെ അർത്ഥമെന്ത് ?

j) മനോരോഗാശുപത്രിയിൽ കഥാകാരി കണ്ട ചെറുപ്പക്കാരന്റെ രൂപം എങ്ങനെയുള്ളതായിരുന്നു ?

**16) ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (5x 1 = 5)**

എല്ലാ ജീവിതവ്യാപാരങ്ങളിലും പുതുമ അന്വേഷിക്കാനുള്ള ത്വര മനുഷ്യസഹജമാണ്. പുതിയ കാര്യങ്ങൾ സൃഷ്ടിക്കാനുള്ള കഴിവിനെയാണ് പ്രതിഭ എന്ന് പറയുന്നത്. എല്ലാവർക്കും ഒരേ തരം കഴിവും അഭിരുചിയുമല്ല ഉള്ളത്. ശാസ്ത്രജ്ഞന്മാർ, ചിന്തകർ, പൊതുപ്രവർത്തകർ എന്നിങ്ങനെ വിവിധ മേഖലയിൽപ്പെട്ടവർ ചേർന്ന് പ്രവർത്തിക്കുമ്പോൾ സമൂഹം സമൃദ്ധിയിലേക്ക് മുന്നേറുന്നു. സത്യാഗ്രഹം എന്ന നൂതനമായ സമരരീതി കണ്ടെത്തിയ ഗാന്ധിജി സർഗ്ഗശേഷിയുടെ ഏറ്റവും മികച്ച ഉദാഹരണം തന്നെയാണ്. ഉന്നതമായ ആത്മശക്തിയുള്ളവർക്കേ അഹിംസ എന്ന സമരരീതി അവലംബിക്കാവൂ എന്ന് ഗാന്ധിജി ലോകജനതയെ പഠിപ്പിച്ചു. പുതിയ ലോകവ്യവസ്ഥയെക്കുറിച്ചുള്ള സങ്കൽപങ്ങളിൽ മുഴുകുവാൻ കഴിഞ്ഞിട്ടുള്ളവരാണ് വലിയ ചിന്തകന്മാരായി തീർന്നിട്ടുള്ളത്. ലോകനന്മയ്ക്കായി സർഗ്ഗശേഷി വിനിയോഗിച്ചു കൊണ്ട് നമ്മുടെ ചെറിയ ജീവിതം അനശ്വരമാക്കിത്തീർക്കുവാൻ നമുക്ക് ഏവർക്കും ശ്രമിക്കാം.

**ചോദ്യങ്ങൾ**

1) മനുഷ്യ സഹജമായിട്ടുള്ളതെന്താണ് ?
2) എന്താണ് പ്രതിഭ ?
3) ഗാന്ധിജി കണ്ടെത്തിയ നൂതനമായ സമരരീതി ഏതാണ് ?
4) ആർക്കാണ് അഹിംസയുടെ സമരരീതി അവലംബിക്കാനാവുന്നത് ?
5) എങ്ങനെയുള്ളവരാണ് വലിയ ചിന്തകന്മാരായിട്ടുള്ളത് ?

***